Mangalam
13 April 2016

## ഇറക്കുമതി ക്ലിങ്കറിനായി

# സ്വന്തം ഉൽപ്പന്നത്തിന് മലബാർ സിമെന്റ്സ് നിലവാരം കുറച്ചു

■ എൻ. രമേഷ്
പാലക്കാട്

വൻതോതിൽ ക്ലിങ്കർ ഇറക്കുമതി ചെയ്യുന്നതു ന്യായീകരിക്കാൻ മലബാർ സിമെന്റ്സ് സ്വന്തം ഉൽപ്പന്നത്തിന്റെ നിലവാരം കുറച്ചുകാട്ടി. അഴിമതി ആരോപണങ്ങൾക്കു മറയിടാൻ കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ച പരസ്യത്തിലാണ് കമ്പനിയുടെ ക്ലിങ്കർ ഉപയോഗിച്ചാൽ ഉയർന്ന ഉൽപ്പാദനശേഷി കൈവരിക്കാനാവില്ലെന്നു പറയാതെ പറയുന്നത്. ഇറക്കുമതി ക്ലിങ്കർ അരയ്ക്കുമ്പോൾ പ്രതിദിനം 3000 മെട്രിക് ടൺ ഉൽപ്പാദനം കൈവരിക്കാനാവുമെന്നും മലബാർ സിമെന്റ്സിന്റെ ക്ലിങ്കർ ഉപയോഗിക്കുമ്പോൾ അത് 2000 മെട്രിക് ടൺ ആണെന്നുമാണ് പരസ്യത്തിലുള്ളത്.

മലബാർ സിമെന്റ്സ് ഉൽപ്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള ക്ലിങ്കറിനൊപ്പം 35 ശതമാനംവരെ ഫ്ളൈആഷ് ചേർക്കാൻ അനുവാദമുണ്ടായിരിക്കെയാണ് ഇത്തരത്തിൽ പരസ്യം നൽകിയത്.

കമ്പനിയിൽ ഉൽപ്പാദിപ്പിക്കുന്ന ക്ലിങ്കർ ഉപയോഗിച്ച് പരസ്യത്തിൽ പറയുന്ന ഉൽപ്പാദനശേഷിയേക്കാൾ കൂടുതൽ കൈവരിച്ച ചരിത്രമുണ്ടെന്നു ജീവനക്കാർ പറയുന്നു. ഇതിനകം ഏകദേശം 60 കോടിരൂപയുടെ ക്ലിങ്കർ ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന ക്ലിങ്കറിൽ 54 ശതമാനം ട്രൈ കാൽസ്യം സിലിക്കേറ്റ് ഉണ്ടെന്നും അതിൽ പരമാവധി 30 ശതമാനം വരെ ഫ്ളൈആഷ് ചേർക്കാം എന്നുമാണ് പരസ്യത്തിലുള്ളത്.




എന്നാൽ ക്ലിങ്കറിന്റെ പർച്ചേസ് ഓർഡറിൽ കുറഞ്ഞത് 45 ശതമാനം ട്രൈ കാൽസ്യം സിലിക്കേറ്റ് ഉണ്ടാവണമെന്നാണു നിഷ്കർഷിക്കുന്നത്. കമ്പനി അവകാശപ്പെടുന്ന അനുപാതം അനുസരിച്ച് 45 ശതമാനം ട്രൈ കാൽസ്യം സിലിക്കേറ്റുള്ള ക്ലിങ്കറിൽ 30 ശതമാനം ഫ്ളൈആഷ് പോലും ചേർക്കാനാവില്ല. 2015 ഏപ്രിലിലാണു സിമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽനിന്നു കമ്പനി സിമെന്റ് വാങ്ങിയത്. ഈ സിമെന്റ് ചേർത്തല ഗ്രൈൻഡിങ് യൂണിറ്റിൽ പൊടിക്കാൻ തുടങ്ങിയത് ഈ വർഷം ജനുവരി മുതലാണെന്നാണു വിവരം.

ആലുവ, കളമശേരി, എറണാകുളം എന്നിവിടങ്ങളിലെ ഗോഡൗണുകളിലാണ് ഈ സിമെന്റ് സൂക്ഷിച്ചത്. ഗോഡൗണുകൾക്ക് വാടകയിനത്തിൽ മാത്രം ലക്ഷങ്ങളാണ് കമ്പനി ചെലവിട്ടത്. സിമെന്റ് പൊടിച്ച് വീണ്ടും സിമെന്റാക്കാനാണു കമ്പനി ലക്ഷ്യമിട്ടതെങ്കിൽ ഇത്രയും കാലം വാടക നൽകി ഇതു സൂക്ഷിച്ചതിൽ അസ്വാഭാവികതയുണ്ട്. സിമെന്റിൽ ഫ്ളൈആഷ് ചേർത്ത് വീണ്ടും വിപണിയിലിറക്കിയതു ഡീലർമാരെയും അറിയിച്ചിട്ടില്ല. എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള സ്റ്റോക്കിസ്റ്റുകൾ വഴിയാണ് ഇതു വിൽക്കുന്നത്. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ അനുമതിയില്ലാതെയാണിത്.

വെയർഹൗസിംഗ് കോർപ്പറേഷന്റെ ആലുവ ഗോഡൗണിൽ സി.സി.ഐയിൽനിന്നു വാങ്ങിയ സിമെന്റ് ഇനിയും ഉണ്ടെന്നാണു വിവരം. സി.സി.ഐയുമായുള്ള ഈ സിമെന്റ് ഇടപാടിനെ കുറിച്ച് വിജിലൻസ് ദ്രുതപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ, വാങ്ങിയ വിലയേക്കാൾ കൂടിയ വിലയ്ക്കു സിമെന്റ് വിറ്റാൽ കമ്പനിക്ക് നഷ്ടം സംഭവിക്കില്ലെന്ന വിചിത്രമായ കണ്ടെത്തലാണു നടത്തിയിട്ടുള്ളതെന്നാണു സൂചന.